ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 07.12.2025** **TIME: 06.30 PM**

## പ്രധാന വാർത്തകൾ

1. സംസ്ഥാനത്ത് ആദ്യ ഘട്ട തദ്ദേശ തെരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിൽ പരസ്യ പ്രചാരണത്തിന് പരിസമാപ്തി. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ ചൊവ്വാഴ്ച വിധിയെഴുത്ത്. വിജയപ്രതീക്ഷയോടെ മുന്നണികൾ

2. പോളിംഗ് വിതരണ കേന്ദ്രങ്ങളിൽ ഒരുക്കങ്ങൾ പൂർത്തിയായി. പോളിംഗ് സാമഗ്രികളുടെ വിതരണം നാളെ രാവിലെ 9ന് ആരംഭിക്കും.

3. 2,535 പ്രശ്ന ബാധിത ബൂത്തുകളിൽ വീഡിയോ നിരീക്ഷണം അടക്കം സജ്ജമാക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ.

4. എസ്.ഐ.ആർ രണ്ടാം ഘട്ടത്തിൽ രാജ്യവ്യാപകമായി ഇതുവരെ വിതരണം ചെയ്തത് 50 കോടി 94 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ.

5. **ഇൻഡിഗോ വിമാന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ യാത്രക്കാർക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികളുമായി കേന്ദ്രസർക്കാർ.**
6. **ഗുവാഹത്തി മാസ്റ്റേഴ്സ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സംസ്കാർ സാരസ്വതിന് കിരീടം.**

&&&&&&&&&&&&&&&&

**തെരഞ്ഞെടുപ്പ് - പ്രചാരണം**

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ഏഴു ജില്ലകളിൽ പരസ്യ പ്രചാരണത്തിന് ആവേശകരമായ പരിസമാപ്തി. വിപുലമായ കൊട്ടിക്കലാശം ഒഴിവാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ചിരുന്നെങ്കിലും രാഷ്ട്രീയ പാർട്ടികൾ സമാപനം ആഘോഷമാക്കി. നാളെ നിശബ്ദ പ്രചാരണമാണ്. ചൊവ്വാഴ്ചയാണ് വിധിയെഴുത്ത്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലാണ് ആദ്യഘട്ട വോട്ടെടുപ്പ്. രണ്ടാം ഘട്ടം ഈ മാസം 11 നും വോട്ടെണ്ണൽ 13 നും നടക്കും. തെരഞ്ഞെടുപ്പ് തങ്ങൾക്ക് അനുകൂലമാകുമെന്ന് ഭരണ പ്രതിപക്ഷ കക്ഷികൾ പ്രതികരിച്ചു.

&&&&&&&&&&&&&&&&

**തിരുവനന്തപുരം ജില്ലയിൽ കൊട്ടിക്കലാശം. (ഇൻട്രോ)**

തിരുവനന്തപുരം ജില്ലയിൽ കോർപ്പറേഷൻ,മുൻസി പ്പാലിറ്റികൾ ജില്ലാ - ബ്ലോക്ക് - പഞ്ചായത്ത് കേന്ദ്രങ്ങളിലും നടന്ന കൊട്ടിക്കലാശത്തിൽ സ്ഥാനാർത്ഥികളുടെയും പ്രവർത്തകരുടെയും ആവേശം വാനോളമുയർന്നു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

**(വോയിസ്)**

**&&&&&&&&&&&&&&&&**

**ആലപ്പുഴ കൊട്ടിക്കലാശം ( ഇൻട്രോ )**

ആലപ്പുഴ ജില്ലയിലും ആവേശകരമായ കൊട്ടിക്കലാശമാണ് നടന്നത്. ഗ്രാമ നഗര വ്യത്യാസമില്ലാതെ മൂന്ന് മുന്നണികളുടെയും റോഡ് ഷോകളും നടന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ..... ( വോയിസ്....)**

**&&&&&&&&&&&&&&&&**

**പോളിങ് സാധനങ്ങളുടെ വിതരണം**

തദ്ദേശ തിരഞ്ഞെടുപ്പിൽ ആദ്യ ഘട്ടം വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ 117 പോളിംഗ് വിതരണ കേന്ദ്രങ്ങളിലും ഒരുക്കങ്ങളെല്ലാം പൂർത്തിയായി. പോളിംഗ് സാമഗ്രികളുടെ വിതരണം നാളെ രാവിലെ 9 മണിയോടെ ആരംഭിക്കും. ഉച്ചയോടു കൂടി പോളിംഗ് സാമഗ്രികളുടെ വിതരണം പൂർത്തിയാക്കും. പഞ്ചായത്തുകളിൽ ബ്ലോക്ക് തലത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ അതത് സ്ഥാപനതലത്തിലുമാണ് വിതരണ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുള്ളത്.

&&&&&&&&&&&&&&&&

## പ്രത്യേക ബസ് സർവീസ്

തദ്ദേശ സ്ഥാപന പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായി എല്ലാ ബ്ലോക്ക് / മുൻസിപ്പാലിറ്റി വിതരണ കേന്ദ്രത്തിലേക്കും പ്രത്യേക ബസ് സർവീസ് നടത്തുമെന്ന് കെ എസ് ആർ ടി സി. വയനാട് ജില്ലയിൽ ചുരൽമല-മുണ്ടക്കൈ ദുരന്തത്തിൽപ്പെട്ട് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ താമസിച്ചു വരുന്ന ആളുകൾക്കും തദ്ദേശ പൊതുതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനായി വാഹനസൗകര്യം ഏർപ്പെടുത്തും.

&&&&&&&&&&&&&&&&

## തെരഞ്ഞെടുപ്പ് കമ്മീഷണർ- INTRO

സംസ്ഥാനത്ത് ആദ്യഘട്ടം തെരഞ്ഞെടുപ്പ് ജില്ലകളിൽ 2535 പ്രശ്ന ബാധിത ബൂത്തുകളുണ്ടെന്നും ഇവിടെ വീഡിയോ നിരീക്ഷണം അടക്കം സജ്ജമാക്കുമെന്നും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ) ഷാജഹാൻ. തിരുവനന്തപുരം നാലാഞ്ചിറ സർവോദയ വിദ്യാലയത്തിലെ പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രം സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒന്നാം ഘട്ടത്തിനായി 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയതായും അദ്ദേഹം പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&

<u>സ്ത്രീ സുരക്ഷാ പദ്ധതി</u>

സ്ത്രീ സുരക്ഷാ പദ്ധതി സംബന്ധിച്ച വ്യാജ പ്രചാരണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ. സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന 'സ്ത്രീ സുരക്ഷാ' പദ്ധതിയിൽ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടില്ലെന്നും ഔദ്യോഗികമായി അപേക്ഷാ ഫോം പ്രസിദ്ധീകരിച്ചിട്ടില്ലെന്നും സർക്കാർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു.

&&&&&&&&&&&&&&&&

## പോസ്റ്റ് ഓഫീസുകൾ

രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ പോസ്റ്റ് ഓഫീസുകൾ നാളെ വൈകിട്ട് 6 വരെ തുറന്നു പ്രവർത്തിക്കും. തപാൽ ബാലറ്റിനുള്ള അപേക്ഷകളും തപാൽ ബാലറ്റുകളും അയക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ടിയാണ് നടപടി.

**&&&&&&&&&&&&&&&&**

## തീവ്ര വോട്ടർപട്ടിക പരിഷ്കരണം

പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 94 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായും അതിൽ 50 കോടിയിലധികം ഫോമുകൾ ഡിജിറ്റൈസ് ചെയ്തിട്ടുള്ളതായും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കേരളമുൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും കഴിഞ്ഞ മാസം 4 നാണ് എസ്.ഐ.ആറിന്റെ രണ്ടാം ഘട്ടം ആരംഭിച്ചത്.

**&&&&&&&&&&&&&&&&**

## ഇൻഡിഗോ വിമാന സർവീസുകൾ

രാജ്യത്ത് തുടരുന്ന ഇൻഡിഗോ വിമാന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ യാത്രക്കാർക്കുണ്ടാകുന്ന

പ്രതിസന്ധി പരിഹരിക്കാനുള്ള കേന്ദ്രസർക്കാർ നടപടികൾ പുരോഗമിക്കുന്നു. ടിക്കറ്റ് റദ്ദാക്കിയ ഇനത്തിൽ യാത്രക്കാർക്ക് ലഭിക്കേണ്ട തുക ഇന്ന് രാത്രി എട്ടിന് മുന്പായി നൽകണമെന്ന് കേന്ദ്രം കമ്പനിക്ക് നിർദേശം നൽകിയിട്ടുണ്ട്. വിമാനനിരക്ക് വർധന തടയാനും നടപടിയെടുത്തിട്ടുണ്ട്. അതിനിടെ, തിരുവനന്തപുരം വിമാനത്താവളത്തിൽ ഇന്നത്തെ 11 ആഭ്യന്തര ഇൻഡിഗോ വിമാന സർവീസുകൾ റദ്ദാക്കി.

&&&&&&&&&&&&&&&&

**ശബരിമല (ഇൻട്രോ)**

ശബരിമല സന്നിധാനത്ത് ഇന്ന് സുഗമദർശനം നടത്തി തീർത്ഥാടകർ. 51,775 തീർഥാടകരാണ് വൈകിട്ട് നാലുവരെ ദർശനം നടത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

**(വോയിസ്)**

&&&&&&&&&&&&&&&&

**ശബരിമല -ചെന്നിത്തല**

പുരാവസ്തു കള്ളക്കടത്ത് സംഘങ്ങൾക്ക് ശബരിമല സ്വർണപാളി ക്രമക്കേട് കേസുമായുള്ള

ബന്ധം അന്വേഷിക്കണം എന്നാവശ്യപ്പെട്ട് കോൺഗ്രസ്സ് നേതാവ് രമേശ് ചെന്നിത്തല പ്രത്യേകാന്വേഷണ സംഘത്തിന് കത്തു നൽകി. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രത്യേകാന്വേഷണ സംഘത്തോട് വെളിപ്പെടുത്താൻ തയ്യാറെന്നും അദ്ദേഹം കത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&

## ബാഡ്മിന്റൺ ഗുവാഹത്തി മാസ്റ്റേഴ്സ് 2025

ഗുവാഹത്തി മാസ്റ്റേഴ്സ് - 2025 ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സംസ്കാർ സരസ്വതിന് കിരീടം. ഫൈനലിൽ അദ്ദേഹം ഇന്ത്യയുടെ തന്നെ മിഥുൻ മഞ്ജുനാഥിനെയാണ് പരാജയപ്പെടുത്തിയത്. പുരുഷ ഡബിൾസ് ഫൈനലിൽ ഇന്ത്യയുടെ പൃഥ്വി കൃഷ്ണമൂർത്തി - കെ. സായ് പ്രതീകും മലേഷ്യയോട് പരാജയപ്പെട്ടു

&&&&&&&&&&&&&&&&

## ജൂനിയർ ഹോക്കി ലോകകപ്പ്

ചെന്നൈയിൽ നടക്കുന്ന FIH പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് രാത്രി 8 ന് ജർമ്മനിയെ നേരിടും. ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ

പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&&&

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് നടക്കാനിരുന്ന തൃശ്ശൂർ മാജിക് എഫ് സി - മലപ്പുറം എഫ് സി സെമി ഫൈനൽ മാറ്റി വച്ചു. സുരക്ഷാ കാരണങ്ങൾ ചൂണ്ടിക്കാട്ടി തൃശ്ശൂർ പോലീസ് കമ്മീഷണറുടെ പ്രത്യേകത നിർദ്ദേശത്തിലാണ് മത്സരം മാറ്റിയത്. ബുധനാഴ്ച നടക്കാനിരുന്ന കാലിക്കറ്റ് എഫ് സി - കണ്ണൂർ വാരിയേഴ്സ് എഫ് സി മത്സരവും മാറ്റിയിട്ടുണ്ട്. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും.

&&&&&&&&&&&&&&&&

## കേരള രാജ്യാന്തര ചലച്ചിത്രമേള

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ മൺമറഞ്ഞ പ്രതിഭാധനരായ ചലച്ചിത്രകാരന്മാർക്ക് ആദരമായി 11 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ശ്യാം ബെനഗലിന്റെ 'ഭൂമിക', എം.ടി വാസുദേവൻ നായർ സംവിധാനം ചെയ്ത 'നിർമ്മാല്യം', 'കടവ്', ഷാജി എൻ. കരുണിന്റെ 'വാനപ്രസ്ഥം', 'കുട്ടിസ്രാങ്ക്', വയലാർ രാമവർമ്മയ്ക്കും സലിൽ ചൗധരിയ്ക്കും ആദരമായി 'ചെമ്മീൻ', ഗുരു ദത്തിന്റെ 'പ്യാസ'

എന്നിവയ്ക്കൊപ്പം 4 വിദേശ ഭാഷ ചിത്രങ്ങളും ഹോമേജ് വിഭാഗത്തിൽ പ്രദർശിപ്പിക്കും.

&&&&&&&&&&&&&&&&

## പ്രവാസി അദാലത്ത്

പ്രവാസികളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള പ്രവാസി കമ്മീഷൻ അദാലത്ത് ഈ മാസം 16, 17 തീയതികളിൽ തിരുവനന്തപുരത്ത് നടക്കും. തൈക്കാട് നോർക്ക സെന്ററിലെ പ്രവാസി കമ്മീഷൻ ഓഫീസിൽ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ് അദാലത്തിന് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾ 0471 23 22 311 എന്ന നമ്പറിൽ ലഭ്യമാണ്.

&&&&&&&&&&&&&&&&

## മനുഷ്യാവകാശ ദിനാഘോഷം

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സംഘടിപ്പിക്കുന്ന മനുഷ്യാവകാശ ദിനാഘോഷം മന്ത്രി പി രാജീവ് ബുധനാഴ്ച തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് അധ്യക്ഷനാകും. ന്യുവാൽസ് വൈസ് ചാൻസലർ ജി. ബി. റെഡ്ഢി മുഖ്യപ്രഭാഷണം നടത്തും.

&&&&&&&&&&&&&&&&

&&&&&&&&&&&&

&&&